പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 6024

10/07/2012 ൽ
മറുപടിക്ക്

## പ്രൊഫഷണൽ നാടകരംഗത്തെ ശക്തമാക്കാൻ നടപടി

ചോദ്യം

ശ്രീമതി കെ. എസ്. സലീഖ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കേരളത്തിലെ പ്രൊഫഷണൽ നാടക രംഗത്തെ ശക്തമാക്കാൻ ഉദ്ദേശമുണ്ടോ; | (എ) ഉണ്ട്. |
| (ബി) നാടകരംഗത്ത് പ്രവർത്തിക്കുന്ന കലാ കാരൻമാരിൽ പലരുടേയും സ്ഥിതി വളരെ പരുങ്ങലിലാണ് എന്ന യാഥാ- ർത്ഥ്യം തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (ബി) 642 പ്രൊഫഷണൽ നാടക കലാകാരൻ മാർക്ക് കേരള സംഗീത നാടക അക്കാദമി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. അക്കാദമി സംഘടിപ്പിക്കുന്ന പ്രൊഫഷ ണൽ നാടക മത്സരത്തിൽ തെരഞ്ഞെടു ക്കുന്ന 10 നാടകങ്ങൾക്കും അമച്വർ നാടക മത്സരത്തിൽ തെരഞ്ഞെടുക്കുന്ന 6 നാടക ങ്ങൾക്കും ഒരോ ലക്ഷം രൂപ വീതം സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) നിലവിൽ എത്ര നാടക കലാകാ രൻമാർക്ക് പെൻഷൻ അനുവദിച്ചി ട്ടുണ്ട്. എത്ര രൂപയാണ് പ്രതിമാസ പെൻഷൻ; ഇതിൽ ഈ സർക്കാർ അധി കാരമേറ്റശേഷം നാളിതുവരെ എത്ര നാടക കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) പ്രതിമാസം 550/ രൂപ നിരക്കിൽ 237 നാടക കലാകാരൻമാർക്കാണ് കലാകാര പെൻഷൻ അനുവദിച്ചിരിക്കുന്നത്. ഈ സർക്കാർ അധി കാരത്തിൽ വന്നശേഷം 203 പേർക്ക് കൂടി കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (ഡി) നാടക കലാകാരൻമാർക്ക് തിരിച്ചറിയൽ കാർഡ്, സർക്കാർ പരിപാടികളിൽ പ്രൊഷണൽ നാടകങ്ങൾ ഉൾപ്പെടു ത്തൽ, നാടക മത്സരത്തിന്റെ വിധി നിർണ്ണയത്തിൽ പ്രൊഫഷണൽ നാടക വുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുമോ; വിശദമാക്കുമോ ? | (ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ